# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാണക്കാരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ:  doktm.ksad@kerala.gov.in

ഫോൺ :  0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എഡി കെറ്റിഎം പി4/420/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാണക്കാരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എഡി കെറ്റിഎം പി4/420/2021 തീയ്യതി: 26/03/2021

## കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 30-11-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു സി ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) | 24-02-2021 | 01-03-2021 |
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 01-03-2021 | 06-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2021 | 25-02-2021 |

| | |
|---|---|
| 01-03-2021 | 06-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. മായാ ആർ, ഓഡിറ്റ് ഓഫീസർ
2. സ്മിത ജി. നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. സുമേഷ് പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ആൽബിൻ സിറിയക്, ഓഡിറ്റർ
5. ജോഷി തോമസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനോയ് പി.ചെറിയാൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ബെന്നി ജേക്കബ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി രജനി സി | അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | 01-04-2019 | 31-03-2020 |
| ഡോ ജയദേവൻ | വെറ്ററിനറി സർജന് | 01-04-2019 | 31-03-2020 |
| ഡോ.ധന്യാ സുശീലൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. സുമ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 05-11-2019 |
| ഡോ ഗീത | മെഡിക്കൽ ഓഫീസർ, ഹോമിയോ | 03-12-2019 | 31-03-2020 |
| ഡോ.അനൂജ ഭാഗ്യലക്ഷ്മി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.മാത്യു പി.സി | വി.ഇ.ഒ കാണക്കാരി | 01-04-2019 | 31-03-2020 |
| ശ്രീമതി സിൻസി ജോസഫ് | വി.ഇ.ഒ,കുറുമുള്ളൂർ | 01-04-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ബബിതാ സി. ബേബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | |
| ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | ഡയറി ഫാം ഇൻസ്്പെട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജാൻസി തോമസ് | ഹെഡ്മിസ്ട്രസ്സ്,ഗവ യു പി എസ് വെമ്പള്ളി | 01-04-2019 | 31-03-2020 |
| ശ്രീ സലിൻ പി.ആർ. | കൃഷി ഓഫീസർ | 01-04-2019 | 20-05-2019 |
| ശ്രീമതി ഷിജിനി വി എം | കൃഷി ഓഫീസർ | 21-05-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Maya R (Audit Officer, On 04-03-2021)<br>Last Updated By: Sunitha M S (Senior Grade Auditor, On 23-03-2021) | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം<br>Written By: Smitha G Nair (Asst. Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Smitha G Nair (Asst. Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Joshy Thomas (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Smitha G Nair (Asst. Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Albin Cyriac (Auditor, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Maya R (Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-9 |
| 10 | ഗ്രാമസഭ- നിശ്ചിത കാലയളവിൽ യോഗം ചേരുന്നില്ല<br>Written By: Maya R (Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-9-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Joshy Thomas (Auditor, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-10 |
| 12 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചത് സംബന്ധിച്ച്<br>Written By: Joshy Thomas (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-11 |
| 13 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ<br>Written By: Joshy Thomas (Auditor, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-12 |
| 14 | ലേല നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Albin Cyriac (Auditor, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-13 |
| 15 | ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-14 |
| 16 | വാഹനത്തിന്റെ റിപ്പയറിംഗ് - കട്ടേഷൻ ക്ഷണിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-15 |
| 17 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ | 1-16 |

| | | |
|---|---|---|
| | വിനിയോഗിക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | |
| 18 | ഡിജിറ്റൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണം) -മാതൃകാ പ്രൊജക്റ്റ്<br>Written By: Maya R (Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-17 |
| 19 | തെരുവുവിളക്ക് വാങ്ങൽ പ്രൊജക്റ്റ്- ബിൽ തുകയിൽ നിന്നും ജിഎസ് ടി ഈടാക്കിയില്ല<br>Written By: Maya R (Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-18 |
| 20 | ആസ്തി പരിപാലനം<br>Written By: Smitha G Nair (Asst. Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-19 |
| 21 | ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Smitha G Nair (Asst. Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-20 |
| 22 | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-പ്രിന്ററർ ലഭ്യമായില്ല-തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-21 |
| 23 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി -അനർഹർക്ക് ആനുകൂല്യം- സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം<br>Written By: Maya R (Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-22-1 |
| 24 | പഠനമുറി നിർമ്മാണം- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Maya R (Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-22-2 |
| 25 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിച്ച പലിശ തനത് ഫണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-23 |
| 26 | ജി എസ് റ്റി -അടവ് വിവരം ലഭ്യമാക്കിയില്ല<br>Written By: Smitha G Nair (Asst. Audit Officer, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-24 |
| 27 | വി.ഇ.ഒ കാണക്കാരി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-25 |
| 28 | വീട് വാസയോഗ്യമാക്കൽ എസ്. സി.പി - പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ<br>Written By: Sumesh P V (Asst. Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-26 |
| 29 | മെഡിക്കൽ ഉപകരണങ്ങൾ/ മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Albin Cyriac (Auditor, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2021) | 1-27 |
| 30 | പ്രൊ.നം 224/20 ആശ്രയ ഭക്ഷണകിറ്റ് നൽകൽ- പ്ലാൻ ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല.<br>Written By: Maya R (Audit Officer, On 06-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 1-28 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Albin Cyriac (Auditor, On 05-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 13.02.2019 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി 4-2-2019 ന് ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിരുന്നു.28-1-2020 ലെ 5(1)പ്രകാരം 2019-20 ലെ ബജറ്റ് പുതുക്കി അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള വരവുചെലവ് യഥാർത്ഥ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 12328210 | 24751226 |
| വരവ് | 131066691 | 56404490 |
| ആകെ | 143394901 | 81155716 |
| ചെലവ് | 141432831 | 56089694 |
| നീക്കിയിരിപ്പ് | 1962070 | 25066022 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-2 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 02.05.20-ലെ 6/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 24751226/- രൂപയും തൻവർഷ വരവ് 56404490/- രൂപയും തൻവർഷചെലവ് 56089694/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 25066022/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 81147660/- രൂപയും ആകെ ചെലവ് 82891192/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയ 6472/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന നഷ്ടം1743532/- രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.20 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 56882790/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 44366609.9/- രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 12516180.1/- രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26-7-11-ലെ ജി.ഒ(എം.എസ്) 152/11-ലെനിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3)വസ്തുനികുതിയുടെ വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡി.സി.ബി.തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.( ഷെഡ്യൂൾ I-16).

5)ബാലൻസ് ഷീറ്റിൽ 'State Govt Cess/Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ നിശ്ചിത നിരക്കുമായി പൊരുത്തപ്പെടുന്നില്ല.

6)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

(എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 24751226 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56404490 |
| ആകെ | 81155716 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56089694 |
| നീക്കിയിരിപ്പ് | 25066022 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 262147 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11258000 | 11258000 | 10349221 | 908779 | |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3877000 | 3877000 | 2054263 | 1822737 | |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 313000 | 313000 | 221195 | 91805 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 8606122 | 8606122 | 3983235 | 4622887 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 15725000 | 15725000 | 11704281 | 4020719 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 3334000 | 3334000 | 2808245 | 525755 | |
| എംജിഎൻആർഇജിഎസ് | 66741 | 1369540 | 1436281 | 1418724 | 17557 | |
| ടി.എസ്.സി. | 1544849 | 0 | 1544849 | 709009(പ്രൊജക്ട് ചെലവുകൾ) +183500(മറ്റ ചെലവുകൾ) | 652340 | |
| ഐസിഡിഎസ് | 352728 | 656194 | 1008922 | 698133 | 310789 | |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1.ഫണ്ട് അലോക്കേഷൻ തുകകൾ എ.സി.ആർ./സുലേഖ ചെലവു പത്രിക പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ട്(ജനറൽ) ലിൽ സേവന മേഖലയിൽ സുലേഖ ചെലവു പത്രിക പ്രകാരം 20 പ്രൊജക്ടുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 22 പ്രൊജക്ടുകളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സേവന മേഖലയിലും പശ്ചാത്തല മേഖലയിലും നടപ്പാക്കിയിട്ടുള്ള പ്രൊജക്ടുകളുടെ ആകെ ചെലവ് തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത് ചെലവു പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.
മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2020ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 06.11.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 29.11.2018 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 19.12.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 03.02.2019 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 08.02.2019 |
| വികസനസെമിനാർ | 08.11.2018 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 70449843/- രൂപയും ആകെ ചെലവ് 41738265/- രൂപയുമാണ്. ചെലവുശതമാനം 59.2%.

സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ്പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി.കൂടാതെ സമഗ്രനെൽകൃഷിവികസനം എന്ന പ്രോജക്ടിന് വകയിരുത്തിയ ബ്ലോക്ക് വിഹിതവും പൂർണ്ണമായും ലഭ്യമായില്ല

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 2946031 | 1646740 | 55.8 |
| വെറ്ററിനറി സർജൻ | 3 | 2 | 3230000 | 725000 | 22.4 |
| എം.ഒ (പിഎച്ച്സി) | 4 | 3 | 1336000 | 803275 | 60.1 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എം.ഒ(ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| എം.ഒ (ആയുർവേദം)) | 1 | 1 | 500000 | 500000 | 100 |
| വി ഇ ഒ | 18 | 12 | 19783267 | 11060742 | 55.9 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 7 | 4122176 | 3946323 | 95.7 |
| സെക്രട്ടറി | 27 | 21 | 8857624 | 4487066 | 50.6 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 119 | 68 | 26319747 | 15584123 | 59.2 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 900000 | 829496 | 92.1 |
| ഹെഡ്മാസ്റ്റർ | 4 | 4 | 885500 | 881600 | 99.5 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1369498 | 1073900 | 78.4 |
| ആകെ | 199 | 133 | 70449843 | 41738265 | 59.2 |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.199 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>

2019-20 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ ലക്ഷ്യം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ലായെന്ന് കാണുന്നു. വികസനഫണ്ട് ചെലവഴിച്ചത് 69% മാത്രമാണ്. കൂടാതെ എസ് സിപി, ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം യഥാക്രമം 53%, 46% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 119 പ്രോജക്ടുകളിൽ 68 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 59%) തൻവർഷം നടപ്പാക്കാൻ സാധിച്ചത്. 96,15,584/- രൂപയുടെ ബില്ലുകൾ കൃവിലായി ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 908779 |
| എസ് സിപി | 1822737 |
| ടി എസ് പി | 91805 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4020719 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 525755 |
| സിഎഫ് സി ഗ്രാന്റ് | 4622887 |
| ആകെ | 1,19,92,682 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 1.199 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 1.199കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ്

ഗ്രൂപ്പുകളും 29.11.18ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. പൊതുമരാമത്ത്, കുടിവെള്ളം/ശുചിത്വം/ മാലിന്യപരിപാലനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല. മൃഗസംരക്ഷണം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നിവയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം സാങ്കേതിക അനുമതി ലഭിച്ച 194 പ്രോജക്ടുകളിൽ 127 എണ്ണം തൻവർഷം നടപ്പിലാക്കി. 46305 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 696കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ, സംഘ കൃഷി എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 66741 | 1369540 | 1436281 | 1418724 | 17557 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 16921195 | 16921195 | 16921195 | - |
| | 66741 | 18290735 | 18357476 | 18339919 | 17557 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29,400 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 1,318,200 | 387 |
| വിധവാപെൻഷൻ | 2,039,400 | 585 |
| വാർദ്ധക്യകാലപെൻഷൻ | 668,1300 | 1964 |
| വികലാംഗപെൻഷൻ | 926,100 | 260 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 183,600 | 54 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120,000 | 10 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-2-2021 3.10 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20310/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ സെക്ഷന് കൈമാറാനുള്ള ഫയലുകൾ രജിസ്റ്ററിൽ ചേർത്ത് രേഖാമൂലം കൈമാറി നൽകുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഫർണീച്ചർ / ഇലക്ട്രോണിക്സ് ഉപകരണങ്ങൾ/ തെരുവുവിളക്കുകൾ എന്നിവ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. വിവിധ പ്രൊജക്റ്റുകൾ പ്രകാരവും അല്ലാതെയും വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് എൻട്രി നടത്തുന്നുണ്ടെങ്കിലും വാങ്ങിയ സ്ഥാപനത്തിന്റെ പേര്, വില വാറന്റി കാലയളവ് , വിതരണം ചെയ്ത വിവരം എന്നിവ രജിസ്റ്ററിൽ ചേർക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-9-1 ഗ്രാമസഭ- നിശ്ചിത കാലയളവിൽ യോഗം ചേരുന്നില്ല

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഫെബ്രുവരി 2019 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ഓഗസ്റ്റ്2019നാണ്. ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭയുടെ സംഘാടനം നടത്തുന്നത് 6 മാസത്തിലൊരിക്കലാണ് എന്ന് കാണുന്നു. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുവാൻ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് അവസാനമായി നടന്നത് 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലേതാണ്. LBA(HQ)II/8A-2491/16-17/ തീ.10.2.2017 നമ്പരായ പ്രസ്തുത റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുള്ളതാണ്.

## 1-11 കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചത് സംബന്ധിച്ച്

വസ്തുനികുതി പരിശോധനയിൽ 15/22 A എന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു. പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ വിസ്തീർണം 210 ച.മീ. ആണ്. വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ ആണ് കെട്ടിടം ഉൾപ്പെടുത്തേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | ആകെ വിസ്തീർണം (ച.മീ.) | വസ്തു നികുതി നിർണയിച്ച നിരക്ക് | നിർണയിക്കേണ്ടിയിരുന്ന നിരക്ക് | നിർണയിച്ച വസ്തുനികുതി(20% വർദ്ധനവും 6% ലൈബ്രറി സെസും 14% സേവന നികുതിയും ഉൾപ്പെടെ | നിർണയിക്കേണ്ടിയിരുന്ന വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 15/22 A | ജോൺസൻ എൻ.എ., നെടുംപറമ്പിൽ, ആയാംകുടി | 210 | 30 | 70 | 8997 | 20992 | 11995 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി 3) പ്രസ്തുത കെട്ടിടം 2011-12 കാലഘട്ടത്തിൽ വാർഷിക വാടക മൂല്യനിർണയപ്രകാരം നികുതി നിർണയിച്ച കെട്ടിടമായിരുന്നെന്നും 2014 ൽ ഉടമസ്ഥത മാറ്റി നിർണയിച്ചിട്ടുള്ളതാണെന്നും കെട്ടിടത്തിന് വർദ്ധിപ്പിക്കാമായിരുന്ന 100 ശതമാനം നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ ടി. കെട്ടിടം പുതിയൊരു കെട്ടിടം എന്ന രീതിയിൽ എൻട്രി വരുത്തിയതിനാലാണ് പ്ളിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിക്കാനിടയാക്കിയതെന്നും സഞ്ചയ പ്യൂരിഫിക്കേഷൻ സമത്ത് അപാകത തിരുത്തി നികുതി നിർണയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1.ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | റോസ് ചാരിറ്റബിൾ സൊസൈറ്റി | 15 |
| 2 | പെർഫെക്ട് മാച്ച് ഇൻഡസ്ട്രീസ് | 20 |
| 3 | ഇൻഡോ എന്റർപ്രൈസ് | 10 |
| 4 | ഫൂട്ട് സ്റ്റെപ്പ് ഇന്റസ്ട്രീസ് | 10 |
| 5 | സെന്റ് തോമസ് ഫ്യൂവൽസ് , കാണക്കാരി | 8 |
| 6 | ഹൈപ്പർലൈൻ | 5 |
| 7 | ടീം പ്രൊഫഷണൽസ്, കാണക്കാരി | 5 |

| | | |
|---|---|---|
| 8 | മുണ്ടക്കൽ റബേഴ്സ് | 10 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള മേൽ പരാമർശിച്ച സ്ഥാപനങ്ങളുൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളിലെയും നിയമാനുസൃത ഇളവുകളില്ലാത്ത ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതാണ്.

2.തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവേകാനന്ദ പബ്ലിക്ക് സ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് 2019-20 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിവേകാനന്ദ പബ്ലിക്ക് സ്കൂളിലെ നിയമാനുസൃത ഇളവുകളില്ലാത്ത എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-13 ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

കാണക്കാരി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ മുള്ളൻ കുഴി കോളനിയിലെ 106ാം നമ്പർ അംഗൻവാടിയുടെ സംരക്ഷണ ഭിത്തിക്കും കെട്ടിടത്തിനും ഭീഷണിയായി നിൽക്കുന്ന തേക്ക മരം വെട്ടി മാറ്റുന്നതിനായി ജില്ലാ പഞ്ചായത്ത് ട്രീ കമ്മറ്റി അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഫോറസ്റ്റ് കൺസർവേറ്റർ , പാറമ്പുഴ 86097 രൂപ തടി വിലയും 18 ശതമാനം ജി.എസ്.ടിയും 5 ശതമാനം ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും അടക്കുന്നതിന് ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ 25.01.18, 02.02.18, 02.03.18 തീയതികളിൽ ലേലം നടത്തുന്നതിന് തീരുമാനിച്ചെങ്കിലും തുക കൂടുതലായതിനാൽ ലേലത്തിനായി എത്തിയവർ ലേല നടപടികളിൽ പങ്കെടുക്കാതെ പോകുകയും ചെയ്തിരുന്നു. തുടർന്ന് 05.03.18 ലെ കമ്മറ്റി തീരുമാന പ്രകാരം ലേല തുക 20 ശതമാനം കുറച്ച് 13.03.18ൽ പുനർലേലം നടത്തുന്നതിന് തീരുമാനിച്ചെങ്കിലും ആരും ലേലം വിളിയിൽ പങ്കെടുക്കാത്തതിനാൽ ലേലം നടത്താൻ സാധിച്ചില്ല. അംഗൻവാടി കെട്ടിടത്തിന് ഭീഷണിയായതിനാലും കെട്ടിടത്തിന് ഷെയിഡ് നിർമ്മിക്കുന്നതിന് ഈ മരം വെട്ടി മാറ്റേണ്ടത് ആവശ്യമാകയാൽ 16.03.18 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം ടി തേക്ക് മരം മുറിച്ചു . തുടർന്ന് 20.06.19 തീയതിയിൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് 30.07.19 തീയതി നടന്ന ലേലത്തിൽ 10,000 രൂപയിൽ ലേലം ആരംഭിച്ചെങ്കിലും പങ്കെടുത്തവരാരും ലേലം വിളിക്കാത്തതിനാൽ ലേലം നടന്നില്ല. നിലവിൽ 106-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് സമീപം വെട്ടിയിട്ടിരിക്കുന്ന പ്രസ്തുത തടി പൂർണ്ണമായി നശിച്ച് പോകുന്നതിന് മുമ്പ് ലേല / ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-14 ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ

ജി.ഒ(എം.എസ്) 170/07/ത.സ്വ.ഭ.വ തീയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിക്കപ്പെട്ടതായി കാണുന്നില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. സൂക്ഷിക്കേണ്ട പ്രധാന രേഖകളായ ഇന്ധന ഓർഡർ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ , ഫ്യുവൽ രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

2) ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥനെക്കൊണ്ട് ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തുന്നില്ല.

3)ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതും ഇന്ധനം നിറച്ച തീയതി , ഇന്ധനത്തിന്റെ അളവ് ,ഹാജരായ ആളുടെ പേര് , ഉദ്യോഗപ്പേര് ,ഒപ്പ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വൗച്ചറുകൾ പ്രകാരം

ഇന്ധനച്ചെലവിനായി തുക പിൻവലിച്ചിട്ടുണ്ടെങ്കിലും വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെ അളവ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ, തീയതി | കാലയളവ് | തുക |
|---|---|---|
| 21900667/18.11.19 | 2.8.19 മുതൽ 26.9.19 വരെ ഡീസൽ അടിച്ചത് | 12189 |
| 21900906/23.1.2020 | 21.10.19 മുതൽ 24.12.19 വരെ ഡീസൽ അടിച്ചത് | 26109 |
| 21901062/24.2.2020 | 28.1.20 വരെ ഡീസൽ അടിച്ചത് | 15905 |
| | ആകെ | 54203 |

4) ധനകാര്യ വകുപ്പിന്റെ 2.8.2008 ലെ സർക്കുലർ നമ്പർ 41/2008 ലെ നിർദ്ദേശപ്രകാരം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല .

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. അതിനാൽ ലോഗ് ബുക്കിൽ രേഖപ്പെടുത്താതെ ഇന്ധനം നിറയ്ക്കാൻ ചെലവഴിച്ച 54203 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് യഥാവിധി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വാഹനത്തിന്റെ റിപ്പയറിംഗ് - ക്വട്ടേഷൻ ക്ഷണിച്ചില്ല.

വൗച്ചർ നമ്പർ 21900053/26.4.19 പ്രകാരം 24644രൂപ ഔദ്യോഗിക വാഹനത്തിന്റെ സർവ്വീസ് ചാർജ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ടി. വി സുന്ദരം അയ്യങ്കാർ ആന്റ് സൺസ് , കോട്ടയം എന്ന സ്ഥാപനത്തിലാണ് വാഹനത്തിന്റെ സർവ്വീസ് നടത്തിയത് . അംഗീകൃത സർക്കാർ സ്ഥാപനത്തിൽ വാഹനത്തിന്റെ സർവ്വീസ് നടത്തിയില്ല. ജി.ഒ (എം.എസ്) 170/07/ത.സ്വ.ഭ.വ തീയതി 30.6.2007 പ്രകാരം സർക്കാർ അംഗീകൃത സർവ്വീസ് സ്റ്റേഷനുകളല്ലെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിൽ മറ്റ് സർവ്വീസ് സ്റ്റേഷനുകളിൽ സർവ്വീസ് ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 5 ) നൽകുകയുണ്ടായി . 4/19 വരെ വാഹനത്തിന് വാറന്റിയുണ്ടായിരുന്നെന്നും വാറന്റിയിലില്ലാത്ത അറ്റകുറ്റപ്പണികൾക്കും സാധനങ്ങൾക്കുമാണ് ബിൽ പ്രകാരം തുക നൽകിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത് . എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെ സർക്കാർ അംഗീകൃത സ്ഥാപനത്തിലല്ലാതെ വാഹനത്തിന്റെ റിപ്പയറിംഗ് നടത്തിയത് ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-16 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കേണ്ടതാണ്

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട് . ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക | ഏജൻസി | ലഭിച്ച വർഷം | ആവശ്യം |
|---|---|---|---|---|---|---|
| 1 | 320100115 | സമ്പൂർണ്ണ ശുചിത്വം | 652340 | ടി എസ് സി | 2017-18, 2018-19 | ശുചിത്വ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് |
| 2 | 320100116 | സർവ്വ ശിക്ഷ അഭിയാൻ | 131039 | എസ് എസ് എ | 2013-14 | സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മെച്ചപ്പെടുത്തൽ |
| 3 | 320100121 | സെൻട്രലി സ്പോൺസേർഡ് സ്കീം -ഐ സി ഡി എസ് | 310789 | ഐ സി ഡി എസ് | 2019-20 | അങ്കണവാടി പോഷകാഹാര വിതരണം |
| 4 | 320300399 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ട് | 30541 | എം എൻ ലക്ഷംവീട് പദ്ധതി | 2013-14 | എം എൻ ലക്ഷംവീട് നവീകരണം |
| 5 | 320300199 | ഇതര സർക്കാർ ഏജൻസിയിൽ നിന്ന് പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ട് | 173009 | ഐ സി ഡി എസ് | 2018-19 | കല്ലമ്പാറ പകൽ വീടിന്റെ പ്രവർത്തനങ്ങൾക്കായി |
| 6 | 320700104 | സംയുക്ത പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക(കാപിറ്റൽ) | 34577 | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2014-15 | കുടിവെള്ള പദ്ധതിക്കായി ലഭിച്ച തുക |
| 7 | 320700204 | സംയുക്ത പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക(റവന്യൂ ചെലവുകൾക്ക്) | 197937 | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | ലൈഫ് മിഷൻ (എസ് സി പി)ക്കായി ലഭിച്ച തുക |
| 8 | 320700205 | സംയുക്ത പ്രോജക്ടിന് ജില്ല പഞ്ചായത്തിൽ നിന്നും ലഭിച്ച തുക(റവന്യൂ ചെലവുകൾക്ക്) | 864504 | ജില്ലാപഞ്ചായത്ത് | 2018-19 | കിണർ റീ ചാർജ്ജിങ്ങ് പ്രോജക്ടിനായി ലഭിച്ച തുക |

ടി തുക ചെലവഴിക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് തുക 2020-2021 വർഷത്തെ വിവിധ പ്രോജക്ടുകളിൽ വകയിരുത്തിയെന്ന് മറുപടി ലഭ്യമാക്കി. ക്രമനമ്പർ 6,8 ൽ പറയുന്ന തുകകൾ പ്രോജക്ടുകൾ പൂർത്തിയായതിനാൽ സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. ബാക്കിയുള്ളവ ചെലവഴിക്കാത്ത പക്ഷം അതാത് ഏജൻസികളിൽ തിരികെ അടയ്ക്കേണ്ടതാണ്.

## 1-17 ഡിജിറ്റൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണം) -മാതൃകാ പ്രൊജക്ട്

പ്രൊജക്ട് നം 234/2020 ആയി സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടാണ് ഡിജിറ്റൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണം). തനത് ഫണ്ടിൽ നിന്നും 10,00,000/- രൂപ വകയിരുത്തി തയ്യാറാക്കിയ പ്രൊജക്ടിനായി തൻവർഷം 7.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ റോഡുകളുടെ വിവരങ്ങൾ, കെട്ടിടങ്ങൾ, പൊതുജനങ്ങൾ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ പഞ്ചായത്ത് / വാർഡ് എന്നിവയുടെ അതിർത്തികൾ തുടങ്ങിയ രേഖകൾ ഉപഗ്രഹബന്ധിതമായി കണക്ക്

ചെയ്യുന്നതിനുദ്ദേശിച്ച് തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. അക്രഡിറ്റഡ് ഏജൻസിയായ കരകുളം ഗ്രാമീണപഠനകേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പാക്കുകയുണ്ടായി. GIS ബേസ്ഡ് വെബ് ഇൻഫർമേഷൻ സോഫ്റ്റ് വെയർ ആണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്.

പ്രസ്തുത പ്രൊജക്റ്റിന്റെ നിർവ്വഹണം വഴി പശ്ചാത്തല സൗകര്യമേഖലയുടെ വികസനത്തിനും കാർഷിക വ്യവസായിക മേഖലയുടെ വികസനത്തിനും വേഗത കൈവരിക്കുന്ന വിധത്തിൽ പ്രൊജക്റ്റ് തയ്യാറാക്കുവാൻ ആവശ്യമായ കൃത്യതയുള്ള വിവരങ്ങൾ ലഭ്യമാകുന്നു. വീടുകൾ, സ്ഥാപനങ്ങൾ, മറ്റ് ആസ്തികൾ മുതലായവയുടെ കൃത്യമായ സ്ഥാനം അക്ഷാംശം-രേഖാംശം ക്രമത്തിൽ കൃത്യമായി കണ്ടെത്താൻ സാധിക്കുന്നു. മേൽപറഞ്ഞ ഘടകങ്ങൾ ഉപയോഗപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ഭരണമികവ് കൈവരിക്കുന്നതിനും ജനങ്ങൾക്കുള്ള സേവനം വേഗം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. പഞ്ചായത്തിനെ മികവിന്റെ തലത്തിലേക്ക് ഉയർത്തുക എന്നത് ലക്ഷ്യമിട്ട് തയ്യാറാക്കിയ പ്രസ്തുത പ്രൊജക്റ്റ് മാതൃകാ പ്രൊജക്റ്റായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർന്നുള്ള വർഷങ്ങളിൽ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഉദ്ദേശലക്ഷ്യം കൈരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധഉണ്ടാവേണ്ടതുണ്ട്.

## 1-18 തെരുവുവിളക്ക് വാങ്ങൽ പ്രൊജക്റ്റ്- ബിൽ തുകയിൽ നിന്നും ജിഎസ് ടി ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ എന്ന പ്രൊജക്റ്റുകളുടെ ബിൽ തുകയിൽ നിന്നും ജിഎസ് ടി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം | പ്രൊ.നം& പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 11/20തെരുവുവിളക്ക് സ്ഥാപിക്കൽ | 20,00,000/- | 19,99,800 |
| 2 | 233/20 എൽഇഡി ഗ്രാമം | 27,01,952/- | 1,00,447/-ചെക്ക്നം 321127/25-3-20<br>26,01,505/- Qbill |

സർക്കാർ ഏജൻസിയായ ക്രൂസ് എന്ന സ്ഥാപനത്തിന്റെ ഗ്രാമജ്യോതി ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ കൂടാതെ തെരുവ് വിളക്ക് നേരിട്ട് വാങ്ങിയിരുന്നു. 12W എൽഇഡി (ഓട്ടോമാറ്റിക്) ലൈറ്റുകൾ ലൈറ്റ് ഒന്നിന് 2222/- നിരക്കിൽ വാങ്ങി വിവിധവാർഡുകളിൽ സ്ഥാപിക്കുന്നതിനായിരുന്നു മേൽപറഞ്ഞ രണ്ടു പ്രൊജക്റ്റുകളും തയ്യാറാക്കിയിരുന്നത്. 12% GST ഉൾപ്പെട്ട നിരക്കാണ് ക്രൂസിന്റെ ബിൽ തുകയിൽ ഉൾപ്പെടുത്തിയിരുന്നത്. സപ്ലൈ കരാർ പ്രകാരമുള്ള മൂല്യം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നികുതി ബാധകമായ സാധനസേവനങ്ങളുടെയും സപ്ലൈ സ്വീകരിക്കുന്നതിന് ടിഡിഎസ് ബാധകമാണ്. സപ്ലൈയർക്ക് നൽകുന്ന നികുതി ഒഴികെയുള്ള തുകയുടെ 2% തുകയാണ് ടിഡിഎസ് ആയി പിടിക്കേണ്ടത്. ക്രൂസിൽ നിന്നും മേൽപറഞ്ഞ രണ്ട് പ്രൊജക്റ്റിനുമായി ടിഡിഎസ് ഒഴിവാക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ക്രൂസിനെ ജി.എസ്.ടി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിനൽകിയിട്ടുള്ള ഉത്തരവ് ലഭിച്ചിരുന്നുവെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം19) മറുപടിയായി രണ്ട് സർക്കാർ സ്ഥാപനങ്ങൾ തമ്മിലുള്ള ഇടപാടായതിനാലും ഗ്രാമീണ മേഖലയിലെ വൈദ്യുത വൽക്കരണം ഭരണഘടന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലയായതിനാൽ ജിഎസ് ടി കിഴിവ് ചെയ്യേണ്ടതില്ലായെന്ന ചരക്ക് സേവനനികുതി കമ്മീഷണറുടെ കത്തിന്റെ അടിസ്ഥാനത്തിലും ജി.എസ്.ടി ഈടാക്കിയില്ലായെന്ന് അറിയിച്ചിരുന്നു. തെരുവുവിളക്കിന്റെ റിപ്പയറിങ്ങ് ജോലികൾ സംബന്ധിച്ച് നികുതി രഹിതമാണെന്ന് അറിയിക്കുക മാത്രമാണ് പ്രസ്തുത കത്തിൽ കമ്മീഷണർ വ്യക്തമാക്കിയിട്ടുള്ളത്.

ഗ്രാമജ്യോതി ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ബില്ലിൽ ജിഎസ് ടി ഇനത്തിൽ ഈടാക്കിയ തുക ഫയൽചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുകയോ അല്ലാത്തപക്ഷം റ്റിഡിഎസ് ആയി ഗ്രാമപഞ്ചായത്ത് കുറവ് ചെയ്യേണ്ടിയിരുന്ന തുക മടക്കി നൽകണമെന്നും ആവശ്യപ്പെട്ട് സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത ജി എസ് ടി തുകയുടെ ക്രമീകരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ആസ്തി പരിപാലനം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വല് സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട് . ടി ഉത്തരവ് പ്രകാരം ആസ്തികൾ സംബന്ധിച്ച രേഖകൾ കാലികമാക്കുന്നതിന് 10/12/2018 ലെ 1(2) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും അസിസ്റ്റന്റ് എഞ്ചിനിയറെ തുടർനടപടികൾക്കായി ചുമതലപ്പെടുത്തുകയും ചെയ്തു. പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതിന് ഡിജിറ്റൽ ഗ്രാമപഞ്ചായത്ത് എന്ന പേരിൽ പ്രോജക്ട് രൂപികരിക്കുയും കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ സമഗ്രമായ സർവ്വേ നടത്തി ആസ്തികൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്യുന്ന പ്രക്രീയ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്തിലെ ആസ്തി പരിപാലനകമ്മിറ്റി 07/12/18, 6/3/19,18/9/19, 15/1/20,10/07/20 5/1/20 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ആസ്തികളിടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കൂടാതെ കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

## 1-20 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2019-20 വർഷം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ.നം. | പ്രോജക്ട് നം.& പ്രോജക്ടിന്റെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് 18% GST ഉൾപ്പെടെ | ആകെ ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | 25/20 പുലിയിള പൊയ്കപുരം റോഡ് റീടാറിങ്ങ് | 5 | 1710 | 8550 |
| 2 | 68/20 നമ്പ്യാകുളം മൂന്ന് മൂലറോഡ് റീടാറിങ്ങ് | 5 | 1345 | 6725 |
| 3 | 32/20 പിണ്ടിപ്പുഴ മുര്യമംഗലത്ത് റോഡ് ടാറിങ്ങ് | 7 | 1145 | 8015 |
| 4 | 221/20 ഗ്രാമപഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് | 5 | 1130 | 5650 |
| 5 | 27/20 ഗിരിഭവൻ കണ്ണാം തോട്ടം ആശുപത്രി റോഡ് റീടാറിങ്ങ് | 4 | 1525 | 6100 |

| | | | | |
|---|---|---|---|---|
| 6 | ഒറ്റപ്പിനാൽ ചാമക്കാല റോഡ് കോൺക്രീറ്റിങ്ങ് | 7 | 1190 | 8330 |
| | ആകെ | | | 43370 |

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് എസ് ബി ഐ കാണക്കാരിയിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് മുൻ വർഷങ്ങളിൽ ടി യിനത്തിൽ 60345 രൂപ ലഭിക്കാനുണ്ടെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. തുക സെക്രട്ടറിയുടെ കറണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണമെന്നാവശ്യപ്പെട്ട എക്സി.എഞ്ചിനിയർക്ക് 17/07/2020കത്ത് നൽകിയെങ്കിലും തുക ലഭ്യമായിട്ടില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മീറ്റി മുൻവർഷങ്ങളിലുൾപ്പെടെയുള്ള ടെൻഡർ ഫീ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-പ്രിന്റർ ലഭ്യമായില്ല-തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 206/20,കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 55320 |
| ബിൽ നമ്പർ | 53000/- ബിൽ നമ്പർ 7/1920 11.02.20, 2320 ചെക്ക് നമ്പർ 2727237/22.2.20 |

CPRCS ലെ വ്യവസ്ഥകൾ അനുസരിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന്റെ 03/02/20 ലെ പ്രോഫോമ ഇൻവോയിസ് പ്രകാരം 40469 രൂപ ഡെസ്ക്ടോപ്പിനും 14851 രൂപ എ4 മൾട്ടി ഫംഗ്ഷൻ പ്രിന്ററിനും ഉൾപ്പെടെ 55320 രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ മാത്രമാണ് കെൽട്രോൺ സപ്ലൈ ചെയ്തത്. ടീം സിപിസിആർഎസ് 12/10/2020 ൽ നൽകിയ കത്ത് പ്രകാരം പ്രിന്റർ സ്റ്റോക്ക് ഇല്ല എന്നറിയിച്ചിട്ടുണ്ട്. കെൽട്രോണിൽ അടച്ച തുക തിരികെ ലഭിക്കുന്നതിന് കെൽട്രോണിന് അക്കൗണ്ട് നമ്പർ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൃഷി ഓഫീസർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി ഫയലിൽ കാണുന്നു. തുക ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് കെൽട്രോണിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ കാണക്കാരി കൃഷിഭവന്റെ STSB അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ ആവശ്യപ്പെട്ട കെൽട്രോണിന് 04/03/21 ൽ കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അതു വരെ 14851 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-22-1 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി -അനർഹർക്ക് ആനുകൂല്യം- സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം

| | |
|---|---|
| പ്രൊജക്റ്റ് നം | 78/20 |
| അടങ്കൽ | 683750(SCP)+16250/-(Own) =7,00,000/- |

| | |
|---|---|
| ചെലവ് | 487956(SCP)+2553(Own)=490509/- |
| ബിൽ നം | 5/23-10-19, 8/25-2-20 |

പ്രസ്തുത പ്രൊജക്റ്റിന്റെ 14-ാം വാർഡിലെ ഗുണഭോക്താവായ ശ്രീമതി രത്നമ്മ .സി.ജി, വെള്ളാപ്പള്ളിക്കുന്നേൽ എന്നയാളുടെ മകൾ കുമാരി അമൃത വിജയൻ പഠിക്കുന്നത് C/E/D/E/E/S സാറ്റലൈറ്റ് സെന്റർ എന്ന സ്ഥാപനത്തിൽ എംഡിഎസ് എൻട്രൻസ് കോച്ചിങ്ങ് പ്രോഗ്രാമിനാണ്. പ്രസ്തുത കോഴ്സ് കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസവകുപ്പും അംഗീകരിച്ചിട്ടുള്ള കോഴ്സ് അല്ല. അംഗീകാരമില്ലാത്ത കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്ക് ആനുകൂല്യം ലഭിക്കുന്നതല്ല. അർഹതയില്ലാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നൽകുക വഴി അർഹതയുള്ള മറ്റൊരു വിദ്യാർത്ഥിയുടെ അവസരം നിഷേധിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 1/2-3-21) മറുപടിയായി കുട്ടിയുടെ വീട്ടിലെ ദയനീയ അവസ്ഥ പരിഗണിച്ചാണ് നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല. അംഗീകൃത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി, മുൻപ് വിദ്യാർത്ഥിയായിരുന്നുവെന്ന മാർഗേന ആനുകൂല്യം നൽകുക വഴി ഇതിനേക്കാൾ അർഹരായ മറ്റൊരു വിദ്യാർത്ഥിയുടെ അവസരം കൂടിയാണ് നഷ്ടമാവുന്നത്. പ്രൊജക്റ്റുകൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## <u>1-22-2 പഠനമുറി നിർമ്മാണം- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രൊജക്റ്റ് പ്രകാരം 7 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ വീതം നൽകാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ 3 പേർ 2019-20 വർഷവും 2 പേർ 2020-21 വർഷവും നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ചുവടെ ചേർക്കുന്ന 2 പേർ മുൻകൂർ കൈപ്പറ്റിയിട്ടും ഓഡിറ്റ് തീയതിവരെയും പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര് | കൈപ്പറ്റിയ മുൻകൂർ |
|---|---|
| സതീഷ്.കെ.എ | 70000 |
| രാജേഷ്. എം.റ്റി | 50000 |

ടി ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 1/2-3-21)മറുപടിയായി പ്രസ്തുത ഗുണഭോക്താക്കൾ 31/3/21 ന് മുൻപായി പണി പൂർത്തീകരിക്കുമെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ മുൻകൂറായി നൽകിയ 1,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പണി പൂർത്തിയാക്കി വാല്യവേഷൻ നടത്തി രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## <u>1-23 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിച്ച പലിശ തനത് ഫണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ്</u>

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ഏറ്റുമാനൂർ എസ് ബി ഐ ലെ 67351874755 നമ്പർ അക്കൗണ്ടിൽ 01/03/21 ൽ 21762.5 രൂപ നീക്കിയിരിപ്പുണ്ട് നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് കാലാകാലങ്ങളിൽ ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത പലിശയുടെ ആകെ തുകയാണെന്ന് അറിയിച്ചിട്ടുണ്ട് . ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നൽകേണ്ടതാണ്

## <u>1-24 ജി എസ് റ്റി -അടവ് വിവരം ലഭ്യമാക്കിയില്ല</u>

അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ എം ബുക്ക് പ്രകാരമുള്ള വേലമൂല്യത്തോടുകൂടി 12% ജി.എസ്.റ്റി. കൂട്ടിയ തുകയാണ്. ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ടി തുകയിൽ

നിന്നും ആദായനികുതി, ക്ഷേമനിധിവിഹിതം എന്നിവ മാത്രം കിഴിവ് ചെയ്തതിനു ശേഷം കരാറുകാരന് തുക നൽകി. എന്നാൽ ടി കരാറുകാർ ജി.എസ്.റ്റി ഒടുക്കിയതിന്റെ വിവരങ്ങളോ റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശങ്ങളോ ഫയലിൽ ചേർത്തിരുന്നില്ല.

| പ്രോജക്റ്റ് | കരാറുകാരൻ | വേലമൂല്യം | ജി എസ് റ്റി കോമ്പൻസേഷനായി നൽകിയ തുക | ആകെ ചെലവ് |
|---|---|---|---|---|
| 188/20 നാരകത്തും പടി കരിമ്പുംകാല റോഡ് റീടാറിങ്ങ് | ജോൺസൺ ജോസ് | 85277 | 10053 | 95330 |
| 182/20അമ്പാരമാക്കൽ വൈക്കം റോഡ് കോൺക്രീറ്റിങ്ങ് | സാനു ജോർജ്ജ് | 86743 | 10409 | 97152 |
| 200/20തെന്നാട്ടുരട്ടുപടി റോഡ് കോൺക്രീറ്റിങ്ങ് | ജോസഫ് സെബാസ്റ്റ്യൻ | 140353 | 16842 | 157195 |
| 167/20വെമ്പള്ളി യു പി എസ് മെയിന്റനൻസ് | ഷാജി പൈലി | 133921 | 16071 | 149992 |
| 199/20പെരുവേലിൽ ചോരകശ്ശേരി റോഡ് കോൺക്രീറ്റിങ്ങ് | സിബി ലൂക്കോസ് | 89245 | 10709 | 99954 |
| 195/20പിണ്ടിപ്പുഴ മര്യാമംഗലത്ത് റോഡ് ടാറിങ്ങ് | ജോസഫ് ജോസ് | 89211 | 10615 | 99826 |
| ആകെ | | | 74699 | |

കരാറുകാരൻ മേൽ പ്രോജക്ടുകളുടെ ജി എസ് റ്റി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.രേഖകൾ ഹാജരാക്കുന്നത് വരെ ജി.എസ്.റ്റി. ഒടുക്കുന്നതിന് അധികമായി അനുവദിച്ച രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. . കരാറുകാർക്ക് അനുവദിക്കുന്ന തുകയിൽ നികുതി വിഹിതം കൂടി ഉൾപ്പെടുന്ന സാഹചര്യങ്ങളിൽ നിശ്ചിത നിരക്കിൽ തുക സ്രോതസിൽ ഈടാക്കാത്തപക്ഷം പ്രസ്തുത തുകയുടെ ഒടുക്ക് വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-25 വി.ഇ.ഒ കാണക്കാരി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

1) ലൈഫ് ഭവനപദ്ധതി- പൂർത്തിയാക്കാത്തവർ

2018-19 വർഷം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലായിരുന്ന ഗുണഭോക്താക്കൾക്ക് തൻവർഷവും ധനസഹായം നൽകിയിട്ടുണ്ട്. ആകെ 34 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ആയതിൽ 32 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക | കരാറിലേർപ്പെട്ട തീയതി | നിലവിലെ സ്റ്റേജ് |
|---|---|---|---|
| ലീലാമ്മ ജോസഫ് | 40000 | 27.7.18 | തുടങ്ങിയില്ല |

| | | | |
|---|---|---|---|
| ചെമ്മാത്ത് | | | |
| ഐസക്ക് യോഹന്നാൻ, വടക്കേനെടിയോരത്തിൽ | 300000 | 9.10.19 | മേൽക്കൂര |

ലീലാമ്മ ജോസഫ് ചെമ്മാത്ത് എന്ന ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) വീട് വാസയോഗ്യമാക്കൽ എസ്.റ്റി - പൂർത്തിയാക്കാത്തവർ

പ്രോജക്ട് നമ്പർ-124/20

ചെലവ്-75000

ബിൽ നമ്പർ- 11/20, 14.2.20

വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിനായി തൻവർഷം രാജമ്മ ബാബു കാവുംപാടം , കുഞ്ഞുമോൻ എടാട്ടുംകുഴിയിൽ എന്നീ ഗുണഭോക്താക്കൾക്ക് 37500 രൂപ വീതം നൽകിയിട്ടുണ്ട്. ആയതിൽ കുഞ്ഞുമോൻ എടാട്ടുംകുഴിയിൽ എന്ന ഗുണഭോക്താവ് 2020-21 ൽ പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ രാജമ്മ ബാബു കാവുംപാടം (വാർഡ് 13) നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ടിയാൾക്ക് പ്രസ്തുത പ്രൊജക്റ്റിനായി നൽകിയ 37500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 വീട് വാസയോഗ്യമാക്കൽ എസ്. സി.പി - പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ

പ്രോജക്ട് നമ്പർ-123/20

ചെലവ് -1164949

ബിൽ നമ്പർ 25/19-20 തീയതി 6.1.20

നിർവ്വഹണോദ്യോഗസ്ഥ- വി.ഇ.ഒ കുറുമുള്ളൂർ

എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കലിന് 50000/-രൂപ വീതം ധനസഹായം അനുവദിക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. അസി.എഞ്ചിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. എന്നാൽ സി.കെ തമ്പി, ചെറ്റയിൽ (വാർഡ് 5), സുമാ മാധവൻ എണ്ണഞ്ചേരി മലയിൽ (വാർഡ് 2) എന്നീ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ( 25000 രൂപ വീതം) അസി.എഞ്ചിനീയറുടെ വാല്യൂവേഷനില്ലാതെയാണ്. മാത്രമല്ല ടി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയതായും കാണുന്നില്ല.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ ) 20-21 ൽ ടി പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് വാല്യൂവേഷനെടുത്തശേഷം ബാക്കി തുക നൽകിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിക്കുന്നതിലേക്കായി 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 മെഡിക്കൽ ഉപകരണങ്ങൾ/ മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥയായ സാന്ത്വന പരിചരണം (പ്രോജക്ട് നമ്പർ 29/21) ന്റെ ഭാഗമായി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും എത്തിച്ച് നൽകുന്നതിനായി ബില്ല് നമ്പർ 04/19-20, 15/19-20 പ്രകാരം 141,760 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 39,796 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ/ മരുന്നുകൾ ലഭ്യമായിട്ടില്ലയെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബില്ലിന്റെ വിശദാംശങ്ങൾ | തുക | അപാകത |
|---|---|---|---|
| 1 | ബില്ല് നമ്പർ 04/19-20 തീയതി 30.08.19 | 109811 രൂപ | 7,847 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| 2 | ബില്ല് നമ്പർ 15/19-20 തീയതി 29.02.20 | 31,949 രൂപ | 31,949 രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. |

പരാമർശിത അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അവശേഷിക്കുന്ന മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 39,796 രൂപക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ/ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തിനാൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-28 പ്രൊ.നം 224/20 ആശ്രയ ഭക്ഷണകിറ്റ് നൽകൽ- പ്ലാൻ ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല.

അടങ്കൽ -2,00,000/-(വികസനഫണ്ട്)

ചെലവ് -2,00,000/-

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന അഗതിരഹിതകേരളം പദ്ധതിയുടെ അടങ്കൽ തുക 3,3587162/-രൂപയാണ്. ഇതിൽ ചലഞ്ച് ഫണ്ട് 40,00,000/- രൂപയും പ്ലാൻഫണ്ട് 2,95,61,962/- രൂപയും തനത് ഫണ്ട് 25200/- രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്രൊജക്റ്റിന്റെ ഭാഗമായി ഭക്ഷണകിറ്റുകൾ വിതരണം ചെയ്യുന്നതിനായി 2,00,000/- രൂപ വികസനഫണ്ടിൽ നിന്നും കേരള ഗ്രാമീൺ ബാങ്കിലുള്ള കുടുംബശ്രീ സിഡിഎസ് അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം 40686101042720)മാറി നൽകിയിട്ടുണ്ട്. അഗതിരഹിത കേരളം പ്രൊജക്റ്റ് ഉത്തരവ് പ്രകാരം ഭക്ഷണവിതരണം നടത്തുന്നതിന് ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 1/2-3-21) മറുപടിയായി 428400/- രൂപ വികസനഫണ്ടിൽ നിന്നും ഭക്ഷണത്തിന് വകയിരുത്തിയാണ് പ്രൊജക്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത് എന്ന് നിർവ്വഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കുടുംബശ്രീ സിഡിഎസ് ഹാജരാക്കിയ കണക്കുകൾ പ്രകാരം 428000/- രൂപ 2018-19,2019-20 വർഷങ്ങളിലായി വികസനഫണ്ടിൽ നിന്നും ഭക്ഷണകിറ്റിനായി ലഭിച്ചതിൽ 1,25,590/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ബാക്കി തുക ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ അവശേഷിക്കുന്നു. വികസനഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്.

സർക്കാർ നിർദ്ദേശപ്രകാരം പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി പാർപ്പിടം, കുടിവെള്ളം, വീട് പുനരുദ്ധാരണം തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഉപയോഗപ്പെടുത്താവുന്നത്. ചലഞ്ച് ഫണ്ട് തുക അക്കൗണ്ടിൽ ബാലൻസ് നിൽക്കെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണവിതരണം നടത്തുന്നത് തുക വകമാറ്റി ചെലവഴിക്കുന്നതിന് തുല്യമാണ്. പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി നൽകാവുന്ന മറ്റ് പ്രവൃത്തികൾ ഒന്നും ഏറ്റെടുത്ത് നടത്തിയിട്ടില്ലായെന്നതും വീഴ്ചയാണ്. ഭവനനിർമ്മാണം ആവശ്യമുള്ള 54 ഗുണഭോക്താക്കളിൽ 2 പേർക്ക് മാത്രമാണ് ധനസഹായം നൽകാൻ സാധിച്ചത്. ലൈഫ് ഭവനപദ്ധതി ഉൾപ്പടെയുള്ള പ്രൊജക്റ്റുകളിൽ അഗതിരഹിതകേരളം / ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന കൊടുത്തതിന് ശേഷം മാത്രമേ മറ്റ് ഗുണഭോക്താക്കൾക്ക് നൽകാവൂ എന്ന സർക്കാർ നിബന്ധനയും പാലിച്ചിട്ടില്ലായെന്ന് കാണുന്നു. പ്രൊജക്റ്റ് പ്രകാരം നടപ്പാക്കേണ്ട എല്ലാ പ്രവൃത്തികളും സമയബന്ധിതമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 04.03.21- 05.03.21 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 11/11/2020 | 1,29,496 രൂപ | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 1,29,496 രൂപ | 0 |
| | 22/01/2020 | 1,64,170 രൂപ | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി-വനിത | 1,64,170 രൂപ | 0 |
| | 15/02/2020 | 35,830 രൂപ | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി-വനിത | 35,830 രൂപ | |
| | 02.02.2020 | 1,47,100 രൂപ | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,47,100 രൂപ | 0 |
| | 31.01.2020 | 4,20,250 രൂപ | നെൽകൃഷി വികസനം | 4,20,250 രൂപ | 0 |
| | 21/07/2018 | 197,937 | ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 0 | 197,937 |
| | ആകെ | 1,094,783രൂപ | | 896,846 രൂപ | 197,937 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 28.09.19 | 10,237 | ലൈഫ് ഭവനപദ്ധതി-SCP | 0 | 10,237 |
| | 27.01.20 | 20,00,000 | കിണർ റീചാർജ്ജിങ്ങ് | 11,45,733 | 8,54,267 |
| | 21.01.2020 | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 4,00,000 | 0 |
| | ആകെ | 2,410,237 | | 1,545,733 | 864,504 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.

തൻവർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. തൻ വർഷം വായ്പയിനത്തിൽ 4,60,00/-രൂപ വരവുമാണ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 5382338 | 4,922,338 | 470,589 | - | 4,911,749 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 5,430/- രൂപയുടെ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2016-7 | 2-6 | 1250 | പ്രിൻസിപ്പാൾ, സി.എസ്.ഐ കോളേജ് | 119060102317/29.06.19 |
| 2017-18 | 2-6 | 1250 | അഡ്മിനിസ്ട്രേറ്റർ, സി.എസ്.ഐ കോളേജ് | 119060102305/28.06.19 |
| 2017-18 | 2-6 | 1250 | പ്രിൻസിപ്പാൾ, സി.എസ്.ഐ കോളേജ് | 119060102317/29.06.19 |
| 2017-18 | 2-6 | 1680 | എ-വൺ ഫുഡ് പ്രോഡക്ട്സ് | 119060105916&17/29.01.20 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56404490 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56089694 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 262147 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 14851 | ശ്രീമതി. ഷിജിനി.വി.എം, കൃഷി ഓഫീസർ |
| 1-22-2 | 120000 | ശ്രീമതി.ബിന്ദു.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 37500 | ശ്രീ.മാത്യു.പി.സി, വിളഗ കാണക്കാരി |
| 1-26 | 50000 | ശ്രീമതി.സിൻസി ജോസഫ് |
| 1-27 | 39796 | ഡോ.ധന്യ സുശീലൻ, മെഡിക്കൽ ഓഫീസർ(പിഎച്ച് സി) |
| ആകെ | 262147 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98ചെലവ് | നം.എൽ.എഫ്.കെ.പി.2/347/99/10.05.99 | 9 |
| 1999-00 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(1)18/31-1-18 | 24 |
| 1998-99 | നം.എൽ.എഫ്.കെ.പി.4/863/02/30.04.03 | 26 |

| | | |
|---|---|---|
| ചെലവ് | | |
| 2000-01,2001-02 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(3)18/31-1-18 | 14 |
| 2000-01 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(2)18/31-1-18 | 12 |
| 1996-97 വരവ് | നം.എൽ.എഫ്.കെ.പി.10/1416/07/29.11.08 | -- |
| 2002-03ചെലവ് | നം.കെഎസ്എകെടിഎംപി4(അദാ.2018)49(4)18/31-1-18 | 5 |
| 2002-03ഡി.സി.ബി | നം.എൽ.എഫ്.കെ.പി.10/1423/07/29.11.08 | 01 |
| 2003-04 (ചെലവ്) | നം.എൽ.എഫ്.കെ.പി.10/120/06/06.11.07 | 14 |
| 2003-04 (ഡി.സി.ബി) | നം.കെഎസ്എകെടിഎംപി4(അദാ.2018)49(4A)18/31-3-18 | 5 |
| 2004-05 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(5)18/31-3-18 | 5 |
| 2005-06 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(6)18/21-2-18 | 5 |
| 2006-07 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(7)18/21-2-18 | 4 |
| 2007-08 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(8)18/26-2-18 | 3 |
| 2008-09 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(9)18/21-3-18 | 2 |
| 2009-10 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(10)18/26-2-18 | 1 |
| 2010-11 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(11)18/26-2-18 | 7 |
| 2011-12 | നം.കെഎസ്എകെടിഎംപി4(അദാ.2018)49(12)18/26-2-18 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.4/118/14/08.09.15 | 23 |
| 2013-14 | നം.എൽ.എഫ്.കെ.പി.4/1248/14/03.09.15 | 16 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി4-1055/20, തീ. 22.09.20 | 11 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി4-638/20 തീ. 23/06/20 | 11 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി4-2072/17/06.02.2018 | 27 |
| 2017-18 | കെ.എസ്.എ.കെ.ടി.എം.പി.2-172/2018(23)/07.03.2018 [സമാഹൃത റിപ്പോർട്ട് 2017-18 (ഇ-ഗവേണൻസും സോഫ്റ്റ്‌വെയറുകളും) സ്പെഷ്യൽ റിപ്പോർട്ട്] | 5 |
| 2018-19 | നം.കെഎസ്എ-കെടിഎം.പി4-637 തീ 07.08.20 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

കോട്ടയംജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്